പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1791      12.06.2019-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. ഉന്നത ഉദ്യോഗസ്ഥരുടെ വിദേശയാത്രകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.ഉമ്മർ | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യുടെ പ്രതി മാസ നഷ്ടം എത്ര കോടി രൂപയാണ്; വിശദാംശം നൽകുമോ; | (എ) | നിലവിൽ കെ.എസ്.ആർ.ടി.സി.യുടെ പ്രതിമാസ വരവും-ചെലവും തമ്മിലുള്ള അന്തരം 42 കോടി രൂപയാണ്. |
| (ബി) | കെ.എസ്.ആർ.ടി.സി.യിൽ സി.എം.ഡി.യെ സഹായിക്കുവാനായി ഉന്നത ഉദ്യോഗസ്ഥരെ പ്രത്യേക തസ്തികയിൽ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവരുടെ ചുമതലകൾ വിശദമാക്കാമോ; | (ബി) | കെ.എസ്.ആർ.ടി.സി.യിൽ വരുമാന വർദ്ധനവ് ഉറപ്പാക്കുക, പ്രവർത്തന ചെലവ് കുറയ്ക്കുക, സർവ്വീസുകൾ ജനോപകാരപ്രദമാക്കി മാറ്റുക, നൂതന പദ്ധതികൾ ആവിഷ്കരിക്കുക, കമ്പ്യൂട്ടർവത്കരണം കാലാനുസൃതമായി പരിഷ്കരിക്കുക, സ്റ്റോർ പർച്ചേയ്സ്, ഇൻവെന്ററി മാനേജ്മെന്റ്, ഫിനാൻഷ്യൽ മാനേജ്മെന്റ് എന്നിവയിൽ കാര്യക്ഷമത ഉറപ്പുവരുത്തുക തുടങ്ങിയ കാര്യങ്ങളിൽ സത്വരനടപടികൾ സ്വീകരിക്കുന്നതിനായി മാനേജിംഗ് ഡയറക്ടറെ സഹായിക്കുന്നതിനു വേണ്ടി ശ്രീ.ആർ.ചന്ദ്രബാബു, മെക്കാനിക്കൽ എഞ്ചിനീയറെ സ്പെഷ്യൽ ഓഫീസറായി മാനേജിംഗ് ഡയറക്ടർ നിയമിച്ചിട്ടുണ്ട്. ടി സ്പെഷ്യൽ ഓഫീസർ തസ്തിക എക്സിക്യൂട്ടീവ് അസിസ്റ്റന്റ് ടു എം.ഡി. എന്ന് പിന്നീട് പുനർനാമകരണം ചെയ്തിട്ടുണ്ട്. ടിയാന്റെ ചുമതലകൾ ഉൾപ്പെടുത്തി മാനേജിംഗ് ഡയറക്ടർ പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | കെ.എസ്.ആർ.ടി.സി.യിലെ ഉന്നത ഉദ്യോഗസ്ഥർ നിരന്തരം വിദേശ പര്യടനം നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കെ.എസ്.ആർ.ടി.സി. ചെയർമാൻ & മാനേജിംഗ് ഡയറക്ടർമാരായ ശ്രീ.രാജമാണിക്യം ഐ.എ.എസ്, ശ്രീ.ടോമിൻ ജെ. തച്ചങ്കരി ഐ.പി.എസ്, ശ്രീ.എം.പി. ദിനേശ് (റിട്ടയേഡ് ഐ.പി.എസ്.) എന്നിവർ ഒഴികെയുള്ള ഉന്നത ഉദ്യോഗസ്ഥർ |

| | | | |
|---|---|---|---|
| | | | ആരും വിദേശ പര്യടനം നടത്തിയിട്ടില്ല.<br>ശ്രീ.രാജമാണിക്യം ഐ.എ.എസ്, International Assosiation of Public Transport (UITP) സംഘടിപ്പിച്ച 'Global Public Transport Summit'-ൽ പങ്കെടുക്കുന്നതിനായി 2017 മെയ് 15 മുതൽ 17 വരെ മൊൺട്രിയൽ, കാനഡയിൽ വിദേശ പര്യടനം നടത്തിയിട്ടുണ്ട്. ടി യാത്രയുടെ എക്കണോമി ക്ലാസിലുള്ള വിമാനയാത്രാക്കൂലി, താമസസൗകര്യം, ലോക്കൽ ട്രാൻസ്പോർട്ട് എന്നിവ അസോസിയേഷൻ ഓഫ് സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് അണ്ടർ ടേക്കിംഗ്സ് (ASRTU) ആണ് വഹിച്ചിട്ടുള്ളത്. എന്നാൽ തിരുവനന്തപുരം മുതൽ ഡൽഹി വരെയും തിരിച്ചുമുള്ള വിമാനയാത്രയും, extra luggage, കേരള ഹൗസ്, ന്യൂഡൽഹിയിലെ താമസസൗകര്യവും കെ.എസ്.ആർ.ടി.സി.യാണ് വഹിച്ചത്. പ്രസ്തുത ആവശ്യങ്ങൾക്കായി 46,743 രൂപ ചെലവായിട്ടുണ്ട്.<br>ശ്രീ. ടോമിൻ ജെ. തച്ചങ്കരി ഐ.പി.എസ്, ASRTU സംഘടിപ്പിച്ച 'Modern development in the field of Public Transport System' എന്ന വിഷയത്തിൽ പഠനം നടത്തുന്നതിനായി 12-5-2018 മുതൽ 20.05.2018 വരെ ഇസ്രയേൽ, പോളണ്ട് എന്നീ രാജ്യങ്ങളിൽ വിദേശ പര്യടനം നടത്തിയിട്ടുണ്ട്. പ്രസ്തുത സന്ദർശനത്തിന് ഡി.എ. ആയി 32,048/- രൂപ കോർപ്പറേഷന് ചെലവായിട്ടുണ്ട്.<br>ശ്രീ. എം.പി. ദിനേശ്, 01.06.2019 മുതൽ 09.06.2019 വരെ ഗതാഗത വകുപ്പ് മന്ത്രിയോടൊപ്പം ബ്രിട്ടണിൽ വിദേശ പര്യടനം നടത്തിയിരുന്നു. ബ്രിട്ടീഷ് ഡെപ്യൂട്ടി ഹൈക്കമ്മീഷണർ, ചെന്നൈ-യുടെ ക്ഷണപ്രകാരം നടത്തിയ പ്രസ്തുത വിദേശ പര്യടനം 'to learn various transport mobility initiatives' എന്ന വിഷയത്തിൽ പഠനം നടത്തുന്നതിനു വേണ്ടിയുള്ളതാണ്. |
| (ഡി) | ഇത്തരം യാത്രകൾക്കായി ഈ സർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി. ചെലവാക്കിയ തുകയുടെ | (ഡി) | വിദേശ പര്യടനത്തിനായി കെ.എസ്.ആർ.ടി.സിയിലെ ഉന്നത ഉദ്യോഗസ്ഥർ ചെലവാക്കിയ ആകെ തുക (2016-19) |

| | | | |
|---|---|---|---|
| | വിശദാംശം നൽകുമോ; | | 79,151/- രൂപയാണ്. ശ്രീ. രാജമാണിക്യം ഐ.എ.എസ്, International Assosiation of Public Transport (UITP) സംഘടിപ്പിച്ച 'Global Public Transport Summit'-ൽ പങ്കെടുക്കുന്നതിനായി 2017 മെയ് 15 മുതൽ 17 വരെ മൊൺട്രിയൽ, കാനഡയിൽ വിദേശ പര്യടനം നടത്തിയ യാത്രയുടെ എക്കണോമി ക്ലാസിലുള്ള വിമാനയാത്രാക്കൂലി, താമസസൗകര്യം, ലോക്കൽ ട്രാൻസ്പോർട്ട് എന്നിവ ASRTU യാണ് വഹിച്ചിട്ടുള്ളത്. എന്നാൽ തിരുവനന്തപുരം മുതൽ ഡൽഹി വരെയും തിരിച്ചുമുള്ള വിമാനയാത്രയും, extra luggage, കേരള ഹൗസ്, ന്യൂഡൽഹിയിലെ താമസ സൗകര്യവും കെ.എസ്.ആർ.ടി.സി. യാണ് വഹിച്ചത്. പ്രസ്തുത ആവശ്യങ്ങൾക്കായി 46,743/- രൂപ ചെലവായിട്ടുണ്ട്.<br>ശ്രീ. ടോമിൻ ജെ. തച്ചങ്കരി IPS, ASRTU സംഘടിപ്പിച്ച 'Modern development in the field of Public Transport System' എന്ന വിഷയത്തിൽ പഠനം നടത്തുന്നതിനായി 12-5-2018 മുതൽ 20-5-2018 വരെ ഇസ്രയേൽ, പോളണ്ട് എന്നീ രാജ്യങ്ങളിൽ വിദേശ പര്യടനം നടത്തിയിട്ടുണ്ട്. പ്രസ്തുത സന്ദർശനത്തിന് ഡി.എ. ആയി 32,048/- രൂപ കോർപ്പറേഷന് ചെലവായിട്ടുണ്ട്. |
| (ഇ) | ഇത്തരം വിദേശപര്യടനങ്ങളിലൂടെ കെ.എസ്.ആർ.ടി.സി.ക്ക് ഉണ്ടായ നേട്ടങ്ങൾ എന്തെല്ലാം; വിശദാംശം നൽകുമോ? | (ഇ) | കെ.എസ്.ആർ.ടി.സി. മാനേജിംഗ് ഡയറക്ടർമാർ നടത്തിയ വിദേശ പര്യടനങ്ങളിലൂടെ ഗതാഗത മേഖലയിൽ പുതിയതായി രൂപപ്പെട്ടിട്ടുള്ള സംവിധാനങ്ങളെക്കുറിച്ചുള്ള അവബോധം കെ.എസ്.ആർ.ടി.സി മാനേജ്മെന്റിന് ഉണ്ടായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

# കേരള സ്റ്റേറ്റ് റോഡ് ട്രാൻസ് പോർട്ട് കോർപ്പറേഷൻ

**സംക്ഷിപ്തം**

കോർപ്പറേഷന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനായി മെക്കാനിക്കൽ എൻജിനീയർ ശ്രീ.ആർ.ചന്ദ്രബാബുവിനെ സ്പെഷ്യൽ ഓഫീസറായി നിയമിച്ച് ഉത്തരവാകുന്നു.

**ജനറൽ വിഭാഗം, ട്രാൻസ് പോർട്ട് ഭവൻ**

നമ്പർ 5937/GL2/96/RTC | തീയതി, തിരുവനന്തപുരം 19.02.2019

**ഉത്തരവ്**

കെ.എസ്.ആർ.ടി.സി.യുടെ എല്ലാ മേഖലകളിലുമുള്ള പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. വരുമാന വർദ്ധനവ് ഉറപ്പാക്കുക, പ്രവർത്തന ചെലവ് കുറയ്ക്കുക, സർവ്വീസുകൾ ജനോപകാരപ്രദമാക്കി മാറ്റുക, നൂതന പദ്ധതികൾ ആവിഷ്കരിക്കുക, കമ്പ്യൂട്ടർവത്ക്കരണം കാലാനുസൃതമായി പരിഷ്കരിക്കുക, സ്റ്റോർ, പർച്ചേസ്, ഇൻവെന്ററി മാനേജ്മെന്റ്, ഫിനാൻഷ്യൽ മാനേജ്മെന്റ് എന്നിവയിൽ കാര്യക്ഷമത ഉറപ്പുവരുത്തുക, തുടങ്ങിയ കാര്യങ്ങളിൽ സത്വരനടപടികൾ സ്വീകരിക്കുന്നതിനായി മാനേജിംഗ് ഡയറക്ടറെ സഹായിക്കുന്നതിനുവേണ്ടി ശ്രീ.ആർ.ചന്ദ്രബാബു, മെക്കാനിക്കൽ എഞ്ചിനീയറെ സ്പെഷ്യൽ ഓഫീസറായി നിയമിച്ച് ഉത്തരവാകുന്നു. ടിയാൻ നിലവിൽ വഹിക്കുന്ന ഭരണസമിതിയുടെ സെക്രട്ടറിയുടെ ചുമതലകൾ തുടർന്നും വഹിക്കേണ്ടതും മാനേജിംഗ് ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

1. കോർപ്പറേഷന്റെ ഷെഡ്യൂളുകളും സർവ്വീസുകളും വരുമാന വർദ്ധനവ് ഉറപ്പാക്കുന്ന തരത്തിലും യാത്രക്കാർക്ക് മെച്ചപ്പെട്ട യാത്രാസൗകര്യം ലഭ്യമാകുന്നതരത്തിലും പുനഃക്രമീകരിക്കുക.
2. വരുമാന വർദ്ധനയുടെ ഭാഗമായി പുതിയ മേഖലകളിലേയ്ക്ക് സർവ്വീസുകൾ വ്യാപിപ്പിക്കുന്നത് സംബന്ധിച്ച രൂപരേഖ തയ്യാറാക്കുക.
3. ഇതര റോഡ് ട്രാൻസ് പോർട്ട് കോർപ്പറേഷനുകൾ നടപ്പിലാക്കിവരുന്ന വിജയകരമായ മാതൃകകളും (Best practices) നൂതന പദ്ധതികളും (Innovations) കോർപ്പറേഷനിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച പ്രായോഗിക നിർദ്ദേശങ്ങൾ സമയബന്ധിതമായി മാനേജിംഗ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.
4. റൂട്ട് പ്ലാനിംഗ് ആൻറ് ഷെഡ്യൂളിംഗ്, സ്റ്റോർ / ഇൻവെന്ററി മാനേജ്മെന്റ്, ഫ്ളീറ്റ് മാനേജ്മെന്റ്, ഹ്യൂമൺ റിസോഴ്സ് മാനേജ്മെന്റ്, ഫിനാൻഷ്യൽ മാനേജ്മെന്റ് തുടങ്ങിയവയുമായി ബന്ധപ്പെട്ട MIS നടപ്പാക്കുന്നതിന് ആവശ്യമായ വിവരങ്ങൾ ബന്ധപ്പെട്ട സെക്ഷൻ മേധാവികളിൽ നിന്നും ശേഖരിച്ച് ഇ.ഡി.പി.സെന്റർ മുഖേന നടപ്പിലാക്കുക.

5. മാനേജിംഗ് ഡയറക്ടർക്ക് ആവശ്യമായ വിവരങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ശേഖരിച്ച് ലഭ്യമാക്കുക.

6. കൺസൾട്ടന്റ് (Route Rationalization) റൂട്ട് പുനഃക്രമീകരണം സംബന്ധിച്ച് പഠനങ്ങൾ നടത്തി ആവശ്യമായ റിപ്പോർട്ടുകൾ സ്പെഷ്യൽ ഓഫീസർക്ക് സമർപ്പിക്കേണ്ടതും ടിയാന് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ജനറൽ മാനേജർ (ഫിനാൻസ് ആന്റ് അഡ്മിനിസ്ട്രേഷൻ), ഡെപ്യൂട്ടി ജനറൽ മാനേജർ (ഓപ്പറേഷൻസ്), ചീഫ് ഓഫീസിലെയും, മേഖലകളിലെയും എല്ലാ എക്സിക്യൂട്ടീവ് ഡയറക്ടർമാരും, ചീഫ് എഞ്ചിനീയർ (സിവിൽ), മെക്കാനിക്കൽ എഞ്ചിനീയർ (ചീഫ് ഓഫീസ്), യൂണിറ്റാഫീസർമാർ തുടങ്ങിയവർ മേൽ പരാമർശിച്ച വിഷയങ്ങൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സ്പെഷ്യൽ ഓഫീസർ ആവശ്യപ്പെടുന്ന എല്ലാവിവരങ്ങളും യഥാസമയം നൽകേണ്ടതാണ്.

19/2/19

**മാനേജിംഗ് ഡയറക്ടർ**

**സ്വീകർത്താവ്**

**ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്**

**പകർപ്പ്**

**എല്ലാ മേഖലാ / യൂണിറ്റ്/ വർക്ക് ഷോപ്പ് അധികാരികൾക്കും**
**ചീഫ് ഓഫീസിലെ എല്ലാ ഓഫീസർമാർക്കും, വിഭാഗങ്ങൾക്കും**
**കരുതൽ ഫയൽ / ഫയൽ**